**"ഭരണഭാഷ മാതൃഭാഷ"**

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്,
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി: 02-12-2015

നം.ഇഎ (1) 2015/2015/ഡിഇഎസ്

ഡയറക്ടർ ജനറൽ.

ഡെപ്യൂട്ടി ഡയറക്ടർ,
എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്,
ജില്ലാ ആഫീസ്,

സർ,

വിഷയം:- ഡിഇഎസ് - ജീവനക്കാര്യം - താത്ക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ അക്കൗണ്ട് ടെസ്റ്റ് വിജയിച്ചത് അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന:- ജി ഒ(പി) 9/2009/പ്ലാനിംഗ് തീയതി 20-02-2009.

വകുപ്പിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ഗ്രേഡ് -II തസ്തികയിൽ നിന്നും ഗ്രേഡ് -I തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റത്തിന് അക്കൗണ്ട് ടെസ്റ്റ് (ലോവർ) വിജയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 20/02/2009 ന് ശേഷം ജോലിയിൽ പ്രവേശിച്ച പട്ടിക ജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗ്രേഡ്- II ജീവനക്കാർക്ക് KS & SSR ചട്ടം 13 A പ്രകാരം ഗ്രേഡ്- I തസ്തികയിലേക്ക് താത്ക്കാലിക ഉദ്യോഗക്കയറ്റം നൽകിയിരുന്നു. ടി ജീവനക്കാർ ഉദ്യോഗക്കയറ്റ തീയതി മുതൽ 3 വർഷത്തിനകം അക്കൗണ്ട് ടെസ്റ്റ് വിജയിച്ചില്ലായെങ്കിൽ റിവർട്ട് ചെയ്യുമെന്നും വ്യവസ്ഥയുണ്ട്. മേൽ സാഹചര്യത്തിൽ 20/02/2009 ന് ശേഷം ഗ്രേഡ്- II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് മേൽ ചട്ട പ്രകാരം ഗ്രേഡ്- I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ച പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരിൽ ഇനിയും അക്കൗണ്ട് ടെസ്റ്റ് വിജയിക്കാത്ത ജീവനക്കാർ ഉണ്ടെങ്കിൽ (ഉദ്യോഗക്കയറ്റം ലഭിച്ച് 3 വർഷം പൂർത്തിയാക്കാറായിട്ടുള്ളവർ) ടി ജീവനക്കാരുടെ പേരു വിവരങ്ങൾ അടിയന്തരമായി (ജില്ലയിലെ മറ്റ് വകുപ്പുകളിലെ ഉൾപ്പെടെ) ലഭ്യമാക്കണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്) 2/12/15

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**
**ഡയറക്ടർ ജനറലിനുവേണ്ടി**
ecostatdir@gmail.com
Phone: 0471-2305318

പകർപ്പ്-ഡിസി, കണ്ണൂർ.